പ്രതിരോധ നിയന്ത്രണങ്ങൾ ഒക്കെ വകുപ്പ് ജന്തു ജന്യരോഗ നിയന്ത്രണങ്ങൾക്കായി നടത്തി വരുന്ന പ്രവർത്തനങ്ങളാണ്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് പോലുള്ള ഗവേഷണ സ്ഥാപനങ്ങൾ വകുപ്പിനെ ഇതിനായി സഹായിക്കുന്നു. മനുഷ്യരിലെ പേവിഷബാധ സ്ഥിരീകരിക്കുന്നതും പാലോട്ടുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസിലാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഏകാരോഗ്യം (one health) നടപ്പിലാക്കുന്നതിനും വെറ്ററിനറി പൊതുജനാരോഗ്യം തുടങ്ങുന്നതിനും വകുപ്പ് ആലോചിക്കുന്നു.

കുളമ്പ് രോഗ വ്യാപനം

330(1315) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കുളമ്പ് രോഗം പടർന്നുപിടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ എന്ത് പ്രതിരോധ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഹരിപ്പാട് മണ്ഡലത്തിലെ ചേപ്പാട്, ചിങ്ങോലി, ചെറുതന, കരുവാറ്റ, മുതുകുളം, പള്ളിപ്പാട്, ഹരിപ്പാട് മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലാണ് കുളമ്പുരോഗം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഈ പഞ്ചായത്തുകളിലായി ആകെ 268 മൃഗങ്ങൾക്ക് രോഗം ബാധിച്ചിട്ടുണ്ട്. രോഗം റിപ്പോർട്ട് ചെയ്തപ്പോൾതന്നെ കണ്ടെയ്ന്മെന്റ് വാക്സിനേഷൻ ആരംഭിച്ചിരുന്നു. ആകെ 2871 മൃഗങ്ങളെ വാക്സിനേഷന് വിധേയമാക്കിയിട്ടുണ്ട്. രോഗം നിയന്ത്രിക്കുന്നതിനായി രോഗം ബാധിച്ച പഞ്ചായത്തുകളിലും അതിർത്തി പഞ്ചായത്തുകളിലുമാണ് വാക്സിനേഷൻ നടത്തിയിരിക്കുന്നത്. മാത്രമല്ല രോഗ നിയന്ത്രണത്തിനായി അടിയന്തര ചികിത്സയും മരുന്നും മറ്റ് അണുനാശിനികളും വിതരണം ചെയ്തിട്ടുണ്ട്. രോഗതീവ്രത കൂടിയ പഞ്ചായത്തുകളിൽ അടിയന്തര സേവനത്തിനായി മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. രോഗം ബാധിച്ച പഞ്ചായത്തുകളിലെ വെറ്ററിനറി സർജൻമാർ ഫീൽഡ് തലത്തിൽ സന്ദർശനം നടത്തി ആവശ്യമായ നിർദ്ദേശം നൽകുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ഓരോ പഞ്ചായത്തിനും മരുന്നും മറ്റും വാങ്ങുന്നതിനായി 5,000 രൂപ (അയ്യായിരം രൂപ മാത്രം) ചെലവഴിക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മരുന്നും മറ്റും വാങ്ങുന്നതിന് കർഷകർക്ക് ചെലവായ തുക അനുവദിച്ച് കിട്ടുന്നതിനും മരണപ്പെട്ട മൃഗങ്ങളുടെ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. ഹരിപ്പാട് മണ്ഡലത്തിൽ ഇപ്പോൾ രോഗം നിയന്ത്രണവിധേയമാണ്.

ചങ്ങനാശ്ശേരി മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

331(1316) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം നൽകുമോ:

&

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

പദ്ധതികൾ അതത് വർഷം പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.* ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു*.

നെയ്യാറ്റിൻകര മണ്ഡലത്തിലെ ക്ഷീര സഹകരണസംഘങ്ങൾ

332(1317) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നെയ്യാറ്റിൻകര നഗരസഭയിലും അതിയന്നൂർ, ചെങ്കൽ, തിരുപുറം, കാരോട്, കുളത്തൂർ എന്നീ പഞ്ചായത്തുകളിലുമായി എത്ര ക്ഷീര സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാമോ; ഈ പ്രദേശങ്ങളിലെ ക്ഷീര സംഘങ്ങളുടെ പേരും നമ്പരും സ്ഥലവും നഗരസഭ, പഞ്ചായത്ത് എന്നിങ്ങനെ തരംതിരിച്ച് വിശദമാക്കാമോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്